നം.5974/അക്കൗണ്ട്സ്-ബി$_2$/12/ധന

ധനകാര്യ (അക്കൗണ്ട്സ്-ബി) വകുപ്പ്
തിരുവനന്തപുരം
തീയതി: 12/06/2014

## വാഹന പുനർ ലേല പരസ്യം

ധനകാര്യ വകുപ്പു വക 1999 മോഡൽ പെട്രോൾ അംബാസിഡർ കാറും (നമ്പർ KL-01-Q-465) 2003 മോഡൽ പെട്രോൾ മാരുതി എസ്റ്റീം കാറും (നമ്പർ KL-01-AC-6643) സെക്രട്ടേറിയേറ്റിലെ ധനകാര്യ വകുപ്പ് ഓഫിൽ വച്ച് **30.06.2014 വൈകുന്നേരം 3 മണിക്ക്** പരസ്യമായി ലേലം വഴി വിൽപ്പന നടത്തുന്നതാണ്.

**നിരതദ്രവ്യം - 800/- രൂപ വീതം**

വാഹനം പരിശോധിക്കാൻ താൽപ്പര്യമുള്ളവർക്ക് ഓഫീസ് സമയങ്ങളിൽ വൈകുന്നേരം 3 മുതൽ 5 മണി വരെ അവസരമുണ്ടായിരിക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം ലേല സ്ഥലത്ത് ഹാജരായി ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് നിരതദ്രവ്യം അടച്ച് രസീത് വാങ്ങേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുവർ നിരതദ്രവ്യം അടയ്ക്കുന്ന സമയത്ത് അവരുടെ ഐഡന്റിറ്റി വെളിപ്പെടുത്താനുതകുന്ന രേഖ (വോട്ടേഴ്സ് ഐഡന്റിറ്റി കാർഡ്/ഡ്രൈവിംഗ് ലൈസൻസിന്റെ കോപ്പി) കർശനമായും ഹാജരാക്കേണ്ടതാണ്.

ലേലം വിളി അവസാനിച്ചാലുടൻ തന്നെ ലേലത്തിൽ ആരാണോ കൂടുതൽ തുകയ്ക്ക് വിളിക്കുന്നത് ആ വ്യക്തിക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതുമാണ്. പ്രസ്തുത വ്യക്തി ലേല തുക മുഴുവനായും ലേല സ്ഥലത്തുവച്ച് തന്നെ അടയ്ക്കേണ്ടതും, വാഹനം അന്നേ ദിവസം തന്നെ നീക്കം ചെയ്യേണ്ടതുമാണ്. അല്ലാത്ത പക്ഷം ലേലം തൊട്ടടുത്ത ആൾക്ക് അപ്പോൾതന്നെ നൽകുന്നതാണ്. ലേലം കൊള്ളുന്നവർ ലേല നിബന്ധനകൾ പാലിക്കാത്ത പക്ഷം നിരതദ്രവ്യം മടക്കി നൽകുന്നതല്ല. ലേല ദിവസം പൊതു അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം മൂന്നു മണിക്ക് തന്നെ ലേല നടപടികൾ കൈക്കൊള്ളുന്നതായിരിക്കും. ലേലത്തിൽ ഒന്നു മുതൽ മൂന്നു വരെ സ്ഥാനങ്ങളിൽ വരുന്നവരുടെ നിരതദ്രവ്യം ലേലം ഉറപ്പിച്ചതിനുശേഷം മാത്രമേ മടക്കി നൽകുകയുള്ളൂ. യതൊരു കാരണവും കാണിക്കാതെ ലേലം നടപടി റദ്ദു ചെയ്യുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനും താഴെ ഒപ്പു വച്ചിരിക്കുന്നയാൾക്ക്

പൂർണ്ണ അധികാരം ഉണ്ടായിരിക്കും. മുൻ ലേലങ്ങളിൽ പങ്കെടുക്കുകയും ലേലം സ്ഥിരപ്പെടുത്തി ഉറപ്പിച്ചശേഷം പ്രസ്തുത ലേലവ്യവസ്ഥയിൽ ലംഘനം നടത്തിയിട്ടുള്ളതുമായ വ്യക്തികൾ ഈ ലേലത്തിൽ പങ്കെടുക്കുന്നതിന് അയോഗ്യരായിരിക്കും.

**അഡീഷണൽ സെക്രട്ടറി (അക്കൗണ്ടസ്)**